# പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:4862** **27.10.2016 ൽ മറുപടിക്ക്**

## വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.സി.ദിവാകരൻ | ശ്രീ.പ്രൊഫ സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) എട്ടാം ക്ലാസ് വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | എ) 1 മുതൽ 8 വരെ ക്ലാസുകളിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കാണ് സൗജന്യമായി യൂണിഫോം നൽകി വരുന്നത്. 2016 -17 അദ്ധ്യയന വർഷത്തിൽ സർക്കാർ സ്കൂളുകളിലെ മുഴുവൻ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴികെയുള്ള ആൺകുട്ടികൾക്കും യൂണിഫോമിനായി 400/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് പണം അനുവദിച്ചിരുന്നു. തുടർന്ന് സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ./ബി.പി.എൽ വ്യത്യാസമില്ലാതെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 400/-രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് സർക്കാർ ഉത്തരവ് (കൈ) 160/16/പൊ.വി.വ.തീയതി 22.09.2016 പ്രകാരം ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ